# LITTLE FLOWER L.P.SCHOOL

## THAZHUVAMKUNNU

**THAZHUVAMKUNNU P.O, VELLARAMKALLU**

**MUVATTUPUZHA, ERNAKULAM, KERALA – 686668**




**അക്കാദമിക മാസ്റ്റർ പ്ലാൻ 2025–2026**

# ലിറ്റിൽഫ്ളവർ എൽ.പി. സ്കൂൾ

## തഴുവംകുന്ന്

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 – 2026

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ലിറ്റിൽഫ്ളവർ എൽ.പി.എസ് തഴുവംകുന്ന് |
| വിലാസം | : | തഴുവംകുന്ന് പി.ഒ,കല്ലൂർക്കാട് |
| സ്കൂൾ കോഡ് | : | 28217 |
| വിദ്യാഭ്യാസ ഉപജില്ല | : | കല്ലൂർക്കാട് |
| വിദ്യാഭ്യാസ ജില്ല | : | മൂവാറ്റുപുഴ |
| റവന്യൂ ജില്ല | : | എറണാകുളം |
| താലൂക്ക് | : | മൂവാറ്റുപുഴ |
| ബ്ലോക്ക് പഞ്ചായത്ത് | : | മൂവാറ്റുപുഴ |
| ഗ്രാമപഞ്ചായത്ത് | : | കല്ലൂർക്കാട് |
| വില്ലേജ് | : | കല്ലൂർക്കാട് |
| ലോക്സഭാ മണ്ഡലം | : | ഇടുക്കി |
| നിയമസഭാ മണ്ഡലം | : | മൂവാറ്റുപുഴ |
| ബി.ആർ.സി | : | കല്ലൂർക്കാട് |
| ഇ മെയിൽ | : | lflpstkunnu2016@gmail.com |

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ കല്ലൂർക്കാട് ഉപജില്ലയുടെ കീഴിൽ പ്രവർത്തിക്കുന്ന എയ്ഡഡ് വിദ്യാലയമാണ് ലിറ്റിൽഫ്ളവർഎൽ.പി. സ്കൂൾ തഴുവം കുന്ന്. 1930-ൽ നാഗപ്പുഴ ഇടവകയുടെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ച ഈ സ്കൂൾ ഇപ്പോൾ കോതമംഗലം രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്.

95 വർഷത്തെ വിദ്യാദാന പാരമ്പര്യവുമായി തഴുവംകുന്ന് ഗ്രാമത്തിന്റെ നെറുകയിൽ പ്രകാശഗോപുരമായി ഇന്നും ലിറ്റിൽ ഫ്ളവർ എൽ.പി. സ്കൂൾ നിലകൊള്ളുന്നു. 1 മുതൽ 5 വരെയുള്ള ക്ലാസ്സുകൾ ഇവിടെയുണ്ട്. സാധാരണക്കാരായ കുടുംബങ്ങളിലെ കുട്ടികളുടെ മാനസികവും ബൗദ്ധികവുമായ വളർച്ചയ്ക്ക് അടിത്തറയേകുന്ന ഈ സ്കൂൾ തഴുവംകുന്ന് ഗ്രാമത്തിന്റെ മാത്രമല്ല പ്രദേശത്തെ നാനാജാതി മതസ്ഥരായ ജനത്തിന്റെ അഭിമാനമാണ്. ഒട്ടനവധി പൂർവ്വ വിദ്യാർത്ഥികളേയും സമൂഹത്തിലെ ഉന്നത പദവികൾ വഹിക്കുന്ന അനേകരേയും സൃഷ്ടിക്കുവാൻ ഈ സ്കൂളിനായിട്ടുണ്ട്.

സുവർണ്ണജൂബിലിയോടടുക്കുന്ന ഈ സ്ഥാപനം പൂർവ്വ വിദ്യാർത്ഥികളുടേയും നാട്ടുകാരുടേയും മാനേജ്മെന്റിന്റേയും സഹായത്തോടെ ജൈത്രയാത്ര തുടരുന്നു.മുന്നോട്ടുള്ള പ്രയാണത്തിൽ വിദ്യാഭ്യാസ വകുപ്പിന്റേയും സമൂഹത്തിന്റേയും മാനേജ്മെന്റിന്റേയും പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തിന് കൂടുതൽ സഹായകരമാകും എന്ന് പ്രതീക്ഷിക്കുന്നു. വിദ്യാലയം മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതിന് എല്ലാ മേഖലകളിലും ശ്രദ്ധേയമായ പ്രവർത്തനം നടത്തണം. സ്കുളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. വർഷംതോറും അറ്റകുറ്റ പണികൾ നടത്തി മെച്ചപ്പെടുത്തിയ കെട്ടിടം, എല്ലാ കുട്ടികൾക്കും കായിക വിനോദങ്ങളിൽ ഏർപ്പെടാനാവുന്ന കളിസ്ഥലം, ടൈൽ വിരിച്ച ക്ലാസ്സ്മുറികൾ, ലൈബ്രറി, പാചകപ്പുര, കുടിവെള്ള സൗകര്യം, ടോയ്ലെറ്റ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ഉണ്ട്.

മധ്യ വേനൽ അവധിക്ക് ശേഷം സ്കൂൾ തുറന്നു വരുമ്പോൾ ആദ്യ രണ്ടാഴ്ച സമഗ്ര ഗുണമേൻമ വിദ്യാഭ്യാസത്തിനായി ദിവസവും ഒരു മണിക്കൂർ മാറ്റി വയ്ക്കുന്നു. കുട്ടികൾക്ക് ക്ലാസ്സിലും ക്യാമ്പസിലും സങ്കോചമില്ലാതെ പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള ആത്മവിശ്വാസം ഉണ്ടാക്കുന്നതിനാണ് ഇത് നടപ്പിലാക്കുന്നത്. നിയമബോധം, വ്യക്തി ശുചിത്വം, പൊതു ബോധം, ലഹരിക്കെതിരെയുള്ളഅവബോധം, സൈബർ അവബോധം പൊതു നിരത്തിലെ നിയമങ്ങൾ തുടങ്ങിയവയാണ് ജൂൺ 3 മുതൽ 13 വരെയുള്ള ക്ലാസ്സുകളിൽ ഉൾപ്പെടുന്നത്.

# 2025-26 അധ്യയന വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ - ലക്ഷ്യങ്ങൾ പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

കുട്ടികളുടെ സമഗ്ര വികസനം ഉറപ്പാക്കുന്നതിന് സമഗ്ര ഗുണമേൻമാ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നു.

- വിദ്യാലയ മികവ് - അക്കാദമിക മികവ് എന്ന ആശയത്തിന് ഊന്നൽ നൽകിക്കൊണ്ട് ഓരോ കുട്ടിയിലും അന്തർലീനമായ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു.
  - ഭാഷാശേഷി
  - ഗണിതശേഷി
  - വൈജ്ഞാനിക വികാസം
  - ശാസ്ത്രീയാവബോധം
  - കലാകായിക ശേഷീ വികാസം
- ഓരോ കുട്ടിയേയും ഒരു യൂണിറ്റായി പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
  - ക്ലാസ്സ്തല മാസ്റ്റർ പ്ലാൻ
  - വ്യക്തിഗത മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കുന്നു.
- ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പഠനവുമായി ബന്ധിപ്പിക്കുന്നതിനും പഠന ബോധന രംഗങ്ങളിലെ പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും അധ്യാപകരെ പ്രാപ്തകരാക്കുന്നു.
  - ഇ ക്യൂബ് ഇംഗ്ലീഷ്
  - കമ്പ്യൂട്ടർ പഠനം
- ശാരീരികവും മാനസികവുമായ പരിമിതികൾ നേരിടുന്നവരും, സവിശേഷ ശ്രദ്ധ അർഹിക്കുന്നവരുമായ കുട്ടികളെ ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
  - അനു രൂപീകരണ പ്രവർത്തനങ്ങൾ
- പഠന മികവുകൾക്കും സർഗാത്മക കഴിവുകൾക്കും മികച്ച സാഹചര്യമൊരുക്കുന്നു.
  - വിദ്യാരംഗം കലാഹാഹിത്യ വേദി
  - സർഗ വേള
  - ദിനാചരണങ്ങളിലെ സാമൂഹ്യ പങ്കാളിത്തം

- വിഷയത്തെ ആഴത്തിൽ മനസ്സിലാക്കാൻ കഴിയുന്ന പരിപാടികൾ സംഘടിപ്പിക്കുന്നു.
  - പ്രകൃതി നടത്തം
  - പഠനയാത്ര
  - സെമിനാറുകൾ
  - ക്ലാസ്സുകൾ
- വിദ്യാലയ സമിതികൾ

  വിദ്യാലയ വികസന സമിതികൾ സജീവമാക്കി വിദ്യാലയത്തെ അക്കാദമിക മികവിന്റെ കേന്ദ്രമാക്കുന്നു.
  - എസ്.ആർ.ജി ശാക്തീകരണം
  - സി.പി.റ്റി.എ ശക്തിപ്പെടുത്തൽ
- വിലയിരുത്തൽ രീതി, പരിഹാരം

  ഡിജിറ്റൽ- സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര വിലയിരുത്തൽ രീതി.
  - സമഗ്ര പഠന പുരോഗതി രേഖ തയ്യാറാക്കൽ
- ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

  വിദ്യാലയം മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് ഭൗതികവും അക്കാദമികവും സാമൂഹികവുമായ പദ്ധതികൾ ഏറ്റെടുത്ത് നടത്തേണ്ടിയിരിക്കുന്നു.
- ഭാഷാശേഷി വികസനം
- വായനാ പരിപോഷണം
- നാടക കളരി
- ലൈബ്രറി ശാക്തീകരണം
- ജന്മദിനത്തിനൊരു പുസ്തകം
- സാഹിത്യശില്പശാലകൾ
- ഗണിതശേഷി വികസനം
- ഗണിതപാർക്ക്
- ഗണിതലാബ്
- ശാസ്ത്രലാബ്, സാമൂഹ്യശാസ്ത്ര ലാബ്
- സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്
- ഇംഗ്ലീഷ് പഠനപരിപോഷണം
- ഇ-ക്യൂബ് ഇംഗ്ലീഷ്
- ഹിന്ദി ഭാഷ പരിപോഷിപ്പിക്കൽ - ഇ ക്യൂബ് ഹിന്ദി
- പഠനയാത്രകൾ
- കലാ പരിപോഷണം, വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ
- ശക്തിപ്പെടുത്തൽ
- കലാ-കായികമേള
- ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര-പ്രവൃത്തിപരിചയമേളകൾ

- എസ്.ആർ.ജി ശാക്തീകരണം
- ക്ലാസ്സ് ലൈബ്രറി
- ദിനാചരണങ്ങൾ
- വായന കുറിപ്പുകൾ
- അനുഭവ വിവരണങ്ങൾ
- ജി.കെ പരിശീലനം
- പ്രതിഭാ പോഷണ പരിപാടി- എൽ.എസ്.എസ് പരിശീലനം, അക്ഷരമുറ്റം ക്വിസ് തുടങ്ങിയ വിവിധ മത്സരങ്ങൾക്കുള്ള പരിശീലനം
- ചിത്ര വായനകൾ
- ചിത്ര രചനകൾ
- എന്റെ കഥ
- എന്റെ പാട്ട്
- അധ്യാപക ശാക്തീകരണ പരിപാടികൾ
- ക്ലാസ്സ് പി.റ്റി.എ സജീവമാക്കൽ
- ഐ.റ്റി പരിശീലനം
- സാങ്കേതിക വിദ്യ ഉപയോഗം കാര്യക്ഷമമാക്കൽ
- സ്കൂൾ പത്രം
- ഡയറി എഴുത്ത്
- അഭിമുഖങ്ങൾ
- പോഷകാഹാര പരിപാടി
- മൂല്യ നിർണ്ണയം കാര്യക്ഷമമാക്കൽ
- നിരന്തര മൂല്യ നിർണ്ണയം
- സമഗ്ര പഠന പുരോഗതി രേഖ തയ്യാറാക്കൽ
- ടേം മൂല്യ നിർണ്ണയം
- മെന്ററിംഗ്
- മെഡിക്കൽ ക്യാമ്പുകൾ
- ബോധവത്കരണ ക്ലാസ്സുകൾ (റോഡ് സുരക്ഷ, പൊതു കാര്യങ്ങൾ, ശുചിത്വ ശീലങ്ങൾ, സൈബർ അവബോധം)
- കായികശേഷി വികസനം

- സൂംബ പരിശീലനം
- ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ
- അനുരൂപീകരണ പ്രവർത്തനങ്ങൾ
- ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം പദ്ധതി

## പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

- എസ്.ആർ.ജി യോഗത്തിൽ അക്കാദമിക മാസ്റ്റർപ്ലാൻ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും
- പി.റ്റി.എ-യിൽ അവതരിപ്പിക്കലും ചർച്ചയും
- കരട് രൂപരേഖ എസ്.ആർ.ജി, എസ്.എം.സി, പി.റ്റി.എ, എം.പി.റ്റി.എ, സ്റ്റാഫ് കൗൺസിൽ എന്നിവർക്ക് മുന്നിൽ അവതരിപ്പിക്കൽ.
- ശില്പശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
- എസ്.ആർ.ജി യുടെ നേതൃത്വത്തിൽ ക്രോഡീകൃത അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കൽ

## സാമൂഹിക പങ്കാളിത്തം

- വിദ്യാലയ സമിതികൾ ശക്തിപ്പെടുത്തുന്നു.
- ക്ലാസ്സ് പി.റ്റി.എ മാതൃകാപരമാക്കുന്നു.
- വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടുന്നു.
- വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തുന്നു
- പഠനക്കൂട്ടം
- പി.റ്റി.എ & എം.പി.റ്റി.എ സർഗോത്സവം
- പഠനോത്സവം
- ഭവന സന്ദർശനം
- എം.പി.റ്റി.എ ശക്തിപ്പെടുത്തൽ
- പൂർവ്വ വിദ്യാർത്ഥി സംഘടനാ പ്രവർത്തനം
- എസ്.എസ്.ജി

പ്രവർത്തനത്തിന്റെ പേര് - വായനാ പരിപോഷണം, ഗ്രന്ഥശാലാ ശാക്തീകരണം

ഉപ മേഖല - ഭാഷാ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളേയും മികച്ച വായനക്കാരാക്കുക<br><br>വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ<br><br>മികച്ച ആശയ വിനിമയ ശേഷി കൈവരിക്കൽ | വായനവാരാചരണം<br>പത്രവായന, പ്രസംഗ മത്സരം<br>ഇ-വായന, ഉപന്യാസ മത്സരം<br>വായനാക്കുറിപ്പ് തയ്യാറാക്കൽ<br>വായനാനുഭവം പങ്കുവയ്ക്കൽ<br>ഗ്രന്ഥശാലയിലേയ്ക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ<br>കാറ്റലോഗ് വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ<br>അനുഭവ വിവരണം<br>യാത്രാ വിവരണം<br>ക്ലാസ്സിലെ ലൈബ്രറി നവീകരണം ജന്മദിന പുസ്തകം, അമ്മ വായന | വർഷം മുഴുവൻ | എച്ച്.എം<br>പി.റ്റി.എ<br>എം.പി.റ്റി.എ<br>സ്കൂൾ ലൈബ്രറി ചാർജ്ജുള്ള അധ്യാപിക |

പ്രവർത്തനത്തിന്റെ പേര് - നാടക കളരി

ഉപമേഖല - സർഗശേഷി വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിലെ സർഗാത്മക കഴിവുകൾ വികസിപ്പിക്കൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ കഥകൾ, കവിതകൾ, ആത്മകഥകൾ എന്നിവയുടെ നാടകാവിഷ്കാരം , സാഹിത്യ ക്വിസ്, കവിതാലാപനം, സ്കൂൾ പത്രം ആസ്വാദന കുറിപ്പ്, സാഹിത്യകാരൻമാരെ പരിചയപ്പെടൽ പതിപ്പ് തയ്യാറാക്കൽ<br>സാഹിത്യ ശില്പശാല<br>സർഗവേള ഫലപ്രദമാക്കൽ | മാസത്തിൽ ഒരിക്കൽ<br><br>ആഴ്ചയിലൊന്ന്<br><br>വർഷത്തിൽ ഒരിക്കൽ | ഭാഷാ അധ്യാപകർ<br><br>വിദ്യാരംഗം കലാ സാഹിത്യ വേദി കൺവീനർ |

മേഖല - ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പ്രവർത്തനങ്ങൾ |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവ് ആർജിക്കൽ, സാങ്കേതികവിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തൽ , ഇംഗ്ലീഷ് ഭാഷയിൽ സർഗ ശേഷി വികസനം, ഇംഗ്ലീഷ് സാഹിത്യം ആസ്വദിക്കൽ. | വൊക്കാബുലറി ബേസിക് ഗ്രാമർ സെന്റൻസ് മേക്കിംഗ് ഐഡിയ, ഇംഗ്ലീഷ് സ്പീക്കിംഗ് ഇവ ഉൾപ്പെടുന്ന വർക്ക് ബുക്കിനെ അടിസ്ഥാനമാക്കി പരിശീലനം.<br><br>ആഴ്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് അസംബ്ലി , ഇംഗ്ലീഷ് പത്ര വായന ഇ-ക്യൂബ് ഇംഗ്ലീഷ് ഓഡിയോ, വീഡിയോ, ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കൽ, കുറിപ്പ് തയ്യാറാക്കൽ.<br><br>പാഠഭാഗങ്ങളെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലേയ്ക്ക് മാറ്റൽ, സ്കിറ്റ്, പ്രസംഗം, ഇംഗ്ലീഷ് തീയേറ്റർ റോൾ പ്ലേ ഇംഗ്ലീഷിൽ കൊച്ചു കഥകളും കവിതകളും രചിക്കൽ - ശില്പശാല, മാഗസിൻ തയ്യാറാക്കൽ, ഇംഗ്ലീഷ് സിനിമകൾ കാണാൻ അവസരം, ഇംഗ്ലീഷ് ഫെസ്റ്റ്. | വർഷം മുഴുവൻ<br><br>ആഴ്ചയിൽ ഒരിക്കൽ<br><br>വർഷം മുഴുവൻ | ക്ലാസ്സ് അധ്യാപകർ<br><br>ഇംഗ്ലീഷ് അധ്യാപകർ |

പ്രവർത്തനത്തിന്റെ പേര് - ഗണിതം മധുരം

മേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ ഏറ്റവും ലളിതമായി ഗണിതാശയങ്ങൾ ഉറപ്പിക്കൽ<br><br>ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ , മഞ്ചാടി പോലുള്ള പ്രവർത്തനങ്ങൾ.<br><br>ഗണിത പഠനോപകരണങ്ങൾ സജ്ജീകരി | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിതാധ്യാപകർ |

| | | | |
|---|---|---|---|
| കളികളിലൂടെ ഗണിതത്തോട് താത്പര്യം ജനിപ്പിക്കൽ<br>ഗണിതത്തെ ജീവിതവുമായി ബന്ധിപ്പിക്കൽ<br><br>ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ പ്രോയോജനപ്പെടുത്തൽ | ക്കുന്നു. വർ ക്ക് ബുക്ക് ഉപയോഗിച്ച് അടിസ്ഥാന ക്രിയകളും ഗണിതാശയങ്ങളും ഉറപ്പിക്കുന്നു. പസിൽ കോർണർ തയ്യാറാക്കൽ ഗണിത ക്ലബ്ബ് പ്രവർ ത്തനങ്ങൾ മികവുറ്റതാക്കുന്നു. ഗണിത കളികൾക്ക് അവസരം നൽകുന്നു. ജ്യോമെട്രിക്കൽ ചാർട്ട് , നമ്പർ ചാർട്ട് തുടങ്ങിയവ തയ്യാറാക്കൽ ഗണിത മാഗസിൻ, ഗണിത ലാബ് , ഐ.സി.റ്റി സാധ്യതകൾ ഉപയോഗിക്കൽ. | ആവശ്യാനുസരണം<br><br>മാസത്തിലൊരിക്കൽ | ഗണിതാധ്യാപകർ |

**മേഖല - ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തൽ<br><br>അനുഭവങ്ങളിലൂടെ പാരിസ്ഥിതിക അവബോധം വളർത്തൽ | -ശാസ്ത്ര ക്ലബ്ബിന്റെ പ്രവർ ത്തനം മെച്ചപ്പെടുത്തൽ<br>- ശാസ്ത്രജ്ഞരെ അറിയൽ<br>- ശാസ്ത്രജ്ഞരെ അറിയൽ<br>- പ്രകൃതി നടത്തം , ഫീൽഡ് ട്രിപ്പ് അഭിമുഖങ്ങൾ സെമിനാറുകൾ ബോധവത്കരണ ക്ലാസ്സുകൾ<br>-ശാസ്ത്രലാബ് നവീകരണം<br>-ശാസ്ത്രമേളകൾക്കുള്ള പരിശീലനം<br>- പരീക്ഷണങ്ങളിലൂടെ ആശയങ്ങൾ മനസ്സിലാക്കാൻ അവസരം, പതിപ്പ് തയ്യാറാക്കൽ<br>-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ<br>-പ്ലാസ്റ്റിക് നിർമ്മാർജനം | മാസത്തിലൊരിക്കൽ<br><br>ആവശ്യാനുസരണം | ശാസ്ത്ര അധ്യാപകർ |

മേഖല - ഹിന്ദി ഭാഷ പരിപോഷിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ<br><br>ഹിന്ദിയിൽ ആശയവിനിമയം, എഴുത്ത്, വായന എന്നിവ പ്രോത്സാഹിപ്പിക്കുക. | ഹിന്ദി പുസ്തകവായന<br>ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ<br>ഹിന്ദി ബുള്ള റ്റിൻ പ്രസിദ്ധീകരിക്കൽ , സ്കിറ്റ്, മാഗസിൻ, ഹിന്ദി അസംബ്ലി<br>ഇ ക്യൂബ് , ഹിന്ദി ചിത്രവായന | മാസത്തിൽ 1 വീതം | ഹിന്ദി ക്ലബ്ബ് |

മേഖല - പഠന യാത്രകൾ (സാമൂഹികം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പഠിച്ചതും പഠിക്കുന്നതുമായ കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കുന്നു. കൂടുതൽ ആശയങ്ങൾ രൂപീകരിക്കുന്നു. മികവാർന്ന പഠനത്തിനും കൂടുതൽ സഹായകമാവുന്നു. | പഠനയാത്ര<br>ഫീൽഡ് ട്രിപ്പ് | വർഷ ത്തിൽ ഒരു പ്രാവശ്യം ടേമിൽ 1 വീതം | പി.റ്റി.എ, എസ്.ആർ.ജി |

മേഖല - പരിസ്ഥിതി സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഹരിത വിദ്യാലയം<br>പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക. | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിദ്ധ്യ പാർക്ക് നിർമ്മിക്കുന്നു. ഔഷധത്തോട്ടം തയ്യാറാക്കൽ, പരിസ്ഥിതി ദിനാചരണത്തിലെ സാമൂഹ്യ പങ്കാളിത്തം വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കൽ, പൂന്തോട്ടം ഒരുക്കൽ | ആവശ്യാനുസരണം | എസ്.ആർ.ജി |

മേഖല - ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ചുമതലയുള്ള അധ്യാപകരുടെ നേതൃത്വത്തിൽ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള വിവിധ ദിനാചരണങ്ങളുടെ ആഘോഷം കുട്ടികളിൽ വിവിധ കഴിവുകൾ വളർത്തുന്നു. | അധ്യയന വർഷാരംഭത്തന്നെ ദിനങ്ങൾ ലിസ്റ്റ് ചെയ്യുന്നു. അധ്യാപകർക്ക് ചുമതല നൽകുന്നു. എസ്.ആർ.ജിയിൽ ചർച്ച നടത്തുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് കുട്ടികളുടെ വിവിധങ്ങളായ കഴിവുകൾ പ്രകടിപ്പിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഓരോ ദിനാചരണങ്ങൾക്കും ചുമതലയുള്ള അധ്യാപകർ |

മേഖല - അംഗൻവാടി കലോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ നവാഗതരാകേണ്ടവർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | വിദ്യാലയത്തിന് സമീപത്തുള്ള അംഗൻവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടിപ്പിക്കുന്നു.വിരുന്നുനൽകുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | പി.റ്റി.എ<br>എം.പി.റ്റി.എ |

മേഖല - വായനാക്കൂട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ. | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ നാട്ടിലെ വായനാ തത്പരർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകുന്നു. | ആവശ്യാനുസരണം | ലൈബ്രേറിയൻ |

മേഖല - അഭിമുഖങ്ങൾ /സെമിനാറുകൾ/ ബോധവത്കരണ ക്ലാസ്സുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സർഗ ശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരൻമാരുമായി അഭിമുഖം നടത്തൽ സാഹിത്യ നായകൻമാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച്.എം<br>എസ്.ആർ.ജി |

മേഖല - വിവിധ മേളകൾ: ശാസ്ത്രം, ഗണിത ശാസ്ത്രം സാമൂഹ്യ ശാസ്ത്രം, പ്രവൃത്തി പരിചയം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പഠനം കൂടുതൽ മികവുള്ളതാക്കുക | കുട്ടികൾക്ക് എല്ലാ ദിവസവുംപരിശീലനം കൊടുക്കുന്നു. വിവിധ മേളകളിൽ പങ്കെടുപ്പിക്കുന്നു. | ആവസ്യാനുസരണം | ചുമതലയുള്ള അധ്യാപകർ |

മേഖല - എസ്.ആർ.ജി ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരം കണ്ടുപിടിക്കുന്നു. | പഠനം കൂടുതൽ രസകരവും മേൻമയുള്ളതുമാക്കുന്നതിനുള്ള തന്ത്രങ്ങൾ കണ്ടുപിടിക്കൽ. പഠന ലക്ഷ്യങ്ങൾ കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കൽ. അനുരൂപീകരണ പ്രവർ ത്തനങ്ങളെ കുറിച്ച് കൂട്ടായ ചർച്ച, തുടർ പ്രവർത്തനങ്ങൾ നൽകുന്നതിനുള്ള ചർച്ച. | ആഴ്ചയിൽ ഒരിക്കൽ | എസ്.ആർ.ജി കൺവീനർ |

മേഖല - ക്ലാസ്സ് ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷാശേഷികളുടെ വികാസം | ഗ്രന്ഥശാല ക്ലാസ്സ്മുറിയിൽ സജ്ജീകരിക്കുന്നു വായനയ്ക്കായിട്ടുള്ള സമയം ചുമതലയുള്ള അധ്യാപകർ നൽകുന്നു. തുടർ പ്രവർത്തനങ്ങൾ നൽകുന്നു. | വർഷം മുഴുവൻ | ലൈബ്രറി ചാർജ്ജുള്ള അധ്യാപിക |

മേഖല - പോഷകാഹാര പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ എല്ലാ ദിവസവും വ്യത്യസ്തമെനു വച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നു.ആഴ്ചയിൽ ഒരു ദിവസം മുട്ട 2 ദിവസം പാൽ എന്നിവ നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | എച്ച്.എം<br>ഉച്ച ഭക്ഷണ ചുമതലയുള്ള ടീച്ചർ<br>നൂൺമീൽ കമ്മിറ്റി |

മേഖല - മെഡിക്കൽ ക്യാമ്പ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി<br>എച്ച്.എം<br>പി.റ്റി.എ<br>എം.പി.റ്റി.എ |

മേഖല - പച്ചക്കറിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| കാർഷിക സംസ്കൃതി വീണ്ടെടുക്കൽ<br>ആരോഗ്യകരമായ ഭക്ഷണം<br>സ്കൂൾ ക്യാമ്പസിനെ പഠന ഇടമായി വികസിപ്പിക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി<br>എച്ച്.എം<br>പി.റ്റി.എ<br>&<br>എം.പി.റ്റി.എ |

മേഖല - കലാകായിക ആരോഗ്യ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| സർഗാത്മക കഴിവുകൾ വളർത്തുക , കലാമത്സരങ്ങളിൽ പങ്കെടുത്ത് തങ്ങളുടെ കഴിവ് തെളിയിക്കുന്നതിനുള്ള അവസരം ലഭ്യമാക്കുക<br>കായിക പരിശീലനം കാര്യക്ഷമമാക്കി ആരോഗ്യം ഉറപ്പാക്കുന്നു. | സംഗീത, നൃത്ത, ചിത്രരചനാപരിശീലനം സ്കൂൾ തലം, ഉപജില്ലാ തലം . വിജയികൾക്ക് ക്യാഷ് അവാർഡും, മൊമന്റൊയും നൽകുന്നു.<br>എല്ലാ കുട്ടികൾക്കും വ്യായാമം കളികൾ എന്നിവയിലൂടെ കായികാരോഗ്യക്ഷമത ഉറപ്പാക്കുന്നു. കായിക മേളകളിൽ പങ്കെടുപ്പിക്കുന്നു. സൂംബാ പരിശീലനം. | ഓരോ തലത്തിലേയും മത്സരങ്ങൾക്ക് ശേഷം.<br>എല്ലാ ദിവസവും<br>വർഷത്തിൽ<br>ആഴ്ചയിൽ 2 പ്രാവശ്യം | കലാകായികമേളയുടെ ചുമതലയുള്ള അധ്യാപകർ |

മേഖല - മൺമറഞ്ഞ ആഹാരം, ഭക്ഷ്യമേള

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടുന്നു. | ഭക്ഷ്യമേള സംഘടിപ്പിക്കുന്നു. കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന പാനീയങ്ങൾ,പലഹാരങ്ങൾ, ആഹാരസാധനങ്ങൾ, എന്നിവയുടെ പട്ടിക തയ്യാറാക്കുന്നു. രക്ഷിതാക്കളുടെ സഹകരണത്തോടെ ഈ വിഭവങ്ങൾ തയ്യാറാക്കുന്നു. ഓരോന്നും പാകം ചെയ്യുന്ന വിധം, ചേരുവകൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി<br>പി.റ്റി.എ |

മേഖല - ഫാസ്റ്റ് ഫുഡ്- ഫാസ്റ്റ് ടു ഡെത്ത്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഫാസ്റ്റ് ഫുഡിന്റെ ദോഷങ്ങളെ കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തുന്നു. | കടകളിൽ നിന്നും വാങ്ങുന്ന ഫാസ്റ്റ് ഫുഡിന്റെ ദോഷങ്ങളെ കുറിച്ച് ഹെൽത്ത് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി |

മേഖല - പി.റ്റി.എ സജീവമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ.<br><br>സ്കൂൾ പ്രവർത്തനങ്ങളിലെ സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കൽ | ക്ലാസ്സ് പി.റ്റി. എ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരുന്നു. പഠന പുരോഗതി മനസ്സിലാക്കുന്നു. മികവുകളുടെ അവതരണം, പൊതു ചർച്ച എന്നിവ നടത്തുന്നു. | മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ |

മേഖല - പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ , വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ , ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി & എസ്.എസ്.ജി |

മേഖല - അധ്യാപക സംഗമം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വ അധ്യാപകരെ വിളിച്ചു ചേർത്ത് സമിതി രൂപീകരിക്കുന്നു. | വർഷത്തിൽ 1 പ്രാവശ്യം | സ്റ്റാഫ് കൗൺസിൽ |

# ഉപസംഹാരം

രക്ഷിതാക്കളുടേയും സമൂഹത്തിന്റേയും പൂർണ പിന്തുണയോടെ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതു വഴി അക്കാദമിക മികവും വിദ്യാലയ മികവും കൈവരിക്കാൻ സാധിക്കുമെന്ന വിശ്വാസത്തോടെ.......

ടീം എൽ.എഫ്.എൽ.പി.എസ്

തഴുവംകുന്ന്